(ബി) പ്രധാന ആവശ്യങ്ങളും അനുബന്ധമായി കൊടുത്തിട്ടുണ്ട്. *

(സി) നിവേദനത്തിലെ ആവശ്യങ്ങളും സർക്കാർ പരിശോധിച്ചുവരികയാണ്.

കൺസ്ട്രക്ഷൻ കോർപ്പറേഷനിലെ നിയമനങ്ങളും

* 603 [645] ശ്രീ. കെ. സുകുമാരനുണ്ണി:

,, കെ.പി. നൂറുദ്ദീൻ:

,, സ്റ്റീഫൻ പാദുവ:

,, കെ.പി. വിശ്വനാഥൻ:

,, എൻ.പി. മൊയ്തീൻ:

ടി. സി. പി. ഗോവിന്ദൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും, സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഗവൺമെൻറിന്റെ കീഴിലുള്ള കൺസ്ട്രക്ഷൻ കോർപ്പറേഷനിലേക്കുള്ള നിയമനത്തിന് സ്വീകരിച്ചിരിക്കുന്ന അടിസ്ഥാന തത്ത്വം എന്താണ്;

(ബി) ഇത് മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിലേക്കുള്ള നിയമനരീതിതന്നെയാണോ അല്ലെങ്കിൽ ഒരു വ്യത്യസ്ത രീതി ഇവിടെ സ്വീകരിക്കുവാൻ കാരണമെന്ത്;

(സി) കൺസ്ട്രക്ഷൻ കോർപ്പറേഷനിലെ ജീവനക്കാരുടെ വേതന നിരക്ക് എന്ത്?

മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ):

(എ) കോർപ്പറേഷന്റെ നിയമാവലി അനുസരിച്ച് 1000 രൂപയോ അതിൽ കൂടുതലോ അടിസ്ഥാന ശമ്പളമുള്ള നിയമനങ്ങൾക്കു ഗവൺമെൻറിന്റെ മുൻകൂട്ടിയുള്ള അംഗീകാരം ആവശ്യമാണ്. ഇതിനുതാഴെ അടിസ്ഥാന ശമ്പളമുള്ള നിയമനങ്ങൾ കോർപ്പറേഷന്റെ ഡയറക്ടർ ബോർഡിനു നടത്താവുന്നതാണ്. എന്നാൽ 700 രൂപയ്ക്കുതാഴെ അടിസ്ഥാനശമ്പളമുള്ള സൂപ്പർവൈസറിയും മാനേജറിയലും വിഭാഗത്തിൽപെടുന്ന ജീവനക്കാരെ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖാന്തിരമാണ് നിയമിക്കേണ്ടത്. എന്നാൽ ഫാക്ടറി ആക്ടിൻപ്രകാരം 'വർക്കർ' എന്നു നിർവചിച്ചിട്ടുള്ളവരെ സർവ്വീസ് കമ്മീഷൻ മുഖാന്തിരം നിയമിക്കേണ്ടതില്ല. ഇപ്രകാരമാണെങ്കിലും കോർപ്പറേഷനു സ്ഥിരമായ ഒരു ഇഞ്ചിനീയറിംഗ് വിഭാഗം ആവശ്യമില്ല എന്ന വസ്തുത കണക്കിലെടുത്ത്, ആ സ്ഥാപനത്തിലേക്കു ആവശ്യമുള്ള ഇഞ്ചിനീയറൻമാരെ പൊതുമരാമത്തു വകുപ്പിൽനിന്നും മറ്റും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ അല്ലാത്തപക്ഷം കോർപ്പറേഷനിൽ പരിശീലനം കഴിച്ചിട്ടുള്ളവരിൽനിന്നും കോൺട്രാക്ട് അടിസ്ഥാനത്തിലോ നിയമിച്ചാൽ മതി എന്നും തീരുമാനിച്ചിട്ടുണ്ട്.

(ബി) മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിലുള്ള അടിസ്ഥാന തത്ത്വങ്ങളാണ് ഈ കോർപ്പറേഷനിലും നിയമനകാര്യത്തിൽ അവലംബിക്കുന്നത്.

(സി) ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട്. ‡

*അനുബന്ധം I

‡അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

23.3.79-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 603 [645] കാണുക.

STATEMENT

	Designation	Scale of Pay
	Technical	
		Rs.
1.	General Manager	1400-1900
2.	Senior Engineer	1300-1800
3.	Regional Engineer	900-1500
4.	Project Engineer	600-1200
5.	Asst. Project Engineer	500-800
6.	Work Superintendent	300-550
	Administrative and Accounts:	
1.	Secretary-cum-Accounts Officer	600-1200
2.	Chief Accounts Officer	950-1400
3.	Finance Officer (Libya)	800-1400
4.	Asst. Administrative Officer	500-800
5.	Asst. Accounts Officer	500-800
6.	Internal Audit Officer	500-900
7.	Accountants	300-550
8.	Auditors	330-560
9.	Assistants	300-550
10.	Cashier	300-550
11.	Stenographer	300-550
12.	Typist Clerk	240-435
13.	Drivers	235-395
14.	Peons	210-300
	Daily Wages Employees	
1.	Peons	10 Per day
2.	Site Accountants	15 ,,
3.	Site Assistants	12 ,,
4.	Engineering Apprentices (Graduates)	20 ,,
5.	Engineering Apprentices (Diploma Holders)	15 ,,
6.	Engineering apprentices (Certificate holders)	12 ,,

LIBRARY ARCHIVES Kerala Legislative Assembly